# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2060 07.03.2017 — ൽ മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ. ശശി: | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം എപ്പോൾ നടപ്പാക്കാൻ കഴിയും എന്നും ഇതിനായി വകുപ്പ് എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് 2016 നവംബർ 1 മുതൽ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം തയ്യാറാക്കിയ കരട് മുൻഗണനാ ലിസ്റ്റിനെ അടിസ്ഥാനപ്പെടുത്തിയുള്ള ഭക്ഷ്യധാന്യ വിതരണം ആരംഭിച്ചിട്ടുണ്ട്. 2017 ഏപ്രിൽ മാസം സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി മാർച്ച് 9 മുതൽ കൊല്ലം ജില്ലയിലും മാർച്ച് 25 മുതൽ ബാക്കിയുള്ള ജില്ലകളിലും റേഷൻ കാർഡ് വിതരണം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള വാതിൽപ്പടി വിതരണം നടപ്പാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള മൊത്തവിതരണ ശാലകൾക്ക് പകരമായി 75 താലൂക്ക് ഡിപ്പോകൾ സർക്കാരിന്റെ അധീനതയിൽ ആരംഭിക്കുവാൻ തീരുമാനിച്ചു. ഇതിനായി മാനന്തവാടി, ഇരിട്ടി എന്നീ താലൂക്കുകൾ ഒഴിച്ചുള്ള എല്ലാ താലൂക്കുകളിലും ഗോഡൗൺ കണ്ടെത്തുകയുണ്ടായി. വാതിൽപ്പടി വിതരണത്തിനുള്ള ട്രാൻസ്പോർട്ടിംഗ് ഏജൻസികളെ നിശ്ചയിക്കുന്നതിനുള്ള ഇ-ടെൻഡർ സപ്ലൈകോ നടത്തുകയുണ്ടായി. ഇ-പോസ് മെഷീനുകൾ വാങ്ങുന്നതിനുള്ള ഇ-ടെൻഡർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. വാതിൽപ്പടി വിതരണത്തിന്റെ പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ മാർച്ച് 1 മുതൽ കൊല്ലം ജില്ലയിൽ വാതിൽപ്പടി വിതരണം ആരംഭിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല പരാതി പരിഹാര ആഫീസർമാരായി അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്മാരെ നിയമിക്കുകയും സംസ്ഥാന ഫുഡ് കമ്മീഷൻ നിലവിൽ വരുന്നതുവരെ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് സംസ്ഥാന ഫുഡ് കമ്മീഷന്റെ ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഇതിന്റെ നോഡൽ ജില്ലയായി പ്രഖ്യാപിച്ച കൊല്ലം ജില്ലയിൽ എന്തു നടപടികൾ നാളിതുവരെ കൈക്കൊണ്ടു എന്നും മറ്റു ജില്ലകളിലെ സ്ഥിതി എന്താണ് എന്നും വ്യക്തമാക്കുമോ; | (ബി) കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിൽ നിലവിലുള്ള 3 സപ്ലൈകോ സബ് ഡിപ്പോകളും, ബാക്കിയുള്ള 5 താലൂക്കിൽ കുന്നത്തൂർ ഒഴികെ ഓരോ ഗോഡൗൺ വീതവും ആകെ കൊല്ലം ജില്ലയിൽ മൊത്തം 7 ഇന്റർമീഡിയറി ഗോഡൗണുകൾ കണ്ടെത്തിയിട്ടുണ്ട്. കരുനാഗപ്പള്ളിയിൽ കണ്ടെത്തിയിട്ടുള്ള ഗോഡൗണിൽ കുന്നത്തൂർ താലൂക്കിലെ |

റേഷൻ സാധനങ്ങൾ സംഭരിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ടി ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിലേക്കുള്ള വാതിൽപ്പടി വിതരണം നടത്തുന്നതിനുള്ള ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടറെ കണ്ടെത്തുന്നതിന് സപ്ലൈകോ ഇ-ടെൻഡർ നടപടികൾ നടത്തുകയുണ്ടായി.

(സി) റേഷൻ കാർഡുകളിലെ തെറ്റുതിരുത്തലും മറ്റു പരിശോധനകളും (അനർഹർ മുൻഗണനാ പട്ടികയിലുണ്ടായതുൾപ്പെടെ) ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നുള്ളത് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) കരട് മുൻഗണനാ പട്ടികയിലെ ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് പൂർത്തികരിച്ച് അന്തിമ പട്ടിക പഞ്ചായത്ത് കമ്മിററിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. 08.03.2017ന് മുമ്പ് ടി പട്ടിക തിരികെ നൽകുവാനും നിർദ്ദേശം നല്കിയിട്ടുണ്ട്.

(ഡി) റേഷൻ കാർഡ് തിരിച്ചറിയൽ രേഖയായി കണക്കാക്കപ്പെട്ടിരുന്ന കേരള സംസ്ഥാനത്ത് എത്ര ശതമാനം ജനങ്ങൾ ഭക്ഷ്യസുരക്ഷാ നിയമപരിധിക്കുള്ളിൽ വരുമെന്നും എത്ര ശതമാനം പരിധിക്കു പുറത്തു വരും എന്നും കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ 2011-ലെ സെൻസസ് പ്രകാരമുള്ള 3.34 കോടി ജനങ്ങളിൽ ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ള 52.63% ഉം, നഗര പ്രദേശങ്ങളിലെ 39.5% ഉം ഉൾപ്പെടെ 1.54 കോടി ജനങ്ങളെയാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഇ) സംസ്ഥാനത്ത് മുഴുവൻ ജനങ്ങൾക്കും സ്റ്റാറ്റ്യൂട്ടറി റേഷൻ ആനുകൂല്യങ്ങളും തിരിച്ചറിയൽ രേഖയായി റേഷൻകാർഡും എപ്പോൾ നൽകുവാൻ കഴിയും എന്നും ഇതിനായി നാളിതുവരെ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും പ്രസ്തുത പ്രവർത്തനങ്ങളിൽ കഴിഞ്ഞ സർക്കാർ കാലയളവിൽ സംഭവിച്ച വീഴ്ചകൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ?

(ഇ) റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിൽ നിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം കരട് പട്ടിക 20.10.2016-ന് പ്രസിദ്ധീകരിക്കുകയും 20.10.2016 മുതൽ 05.11.2016 വരെ കരട് പട്ടികയിന്മേൽ ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ നൽകുവാൻ അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറി അധ്യക്ഷനായ വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ ഹിയറിംഗിനായി വിളിക്കുകയും ടി കമ്മിറ്റിയുടെ തീരുമാനത്തിൽ ആക്ഷേപമുണ്ടെങ്കിൽ ജില്ലാ കളക്ടർ അധ്യക്ഷനായ അപ്പീൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാൻ അവസരം ഒരുക്കുകയും പരാതികൾ പരിഹരിച്ച് 10.02.2017 ന് അന്തിമ പട്ടിക പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. പ്രസ്തുത പട്ടിക അംഗീകാരത്തോടെ 08.03.2017 ന് മുമ്പ് തിരികെ ലഭ്യമാക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. മാർച്ച് മാസം തന്നെ കാർഡുകൾ അച്ചടിച്ച് വിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

*സെക്ഷൻ ഓഫീസർ*